(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുഴയോര സ്നേഹ പാത ചമ്രവട്ടം എന്ന ടൂറിസ്റ്റ് കേന്ദ്രമാണ് പുതുതായി കണ്ടെത്തിയത്.

(ബി) ഉണ്ട്

(സി) സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര വിപണനത്തിനായി സ്വീകരിച്ച നടപടികൾ**

177 (5904) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വിപണനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാര വിപണനത്തിനുള്ള ഏറ്റവും നല്ല ഉപാധി വിനോദ സഞ്ചാരികൾക്ക് മികച്ച സേവനവും മാന്യമായ പെരുമാറ്റവും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും ഗതാഗതസൗകര്യവും ആയതിനാൽ ഇവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ;

(സി) മെച്ചപ്പെട്ട വിനോദ സഞ്ചാര വിപണനത്തിനായി പ്രചരണ പരിപാടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെപ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
- കേരള ബ്ലോഗ് എക്സ് പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.
- വിനോദസഞ്ചാരികളേയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച് വരുന്നു.
- ദേശീയ/അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ കേരള ടൂറിസത്തിന്റെ പരസ്യം നൽകി വരുന്നു.
- മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തെ പരിചയപ്പെടുത്തുന്നതിനും ആകർഷിക്കുന്നതിനുമായി പാർട്ണർഷിപ്പ് മീറ്റുകളും റോഡ്ഷോകളും നടത്തി വരുന്നു.
- അവധിക്കാലത്തും മറ്റും ദേശീയ തലത്തിൽ കേരള ടൂറിസം പ്രചരിപ്പിക്കാനായി ഡ്രീം സീസൺ/ഓഫ് സീസൺ ക്യാമ്പയിൻ നടത്തി വരുന്നു.
- സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്കും തദ്ദേശീയർക്കുമായി ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികൾ നടത്തി വരുന്നു.
- നാഷണൽ ഇന്റർനാഷണൽ ക്യാമ്പയിൻ നടത്തിവരുന്നു.
- പ്രചരണത്തിന്റെ ഭാഗമായി വിവിധ വിദേശ രാജ്യങ്ങളിലെ പ്രസിദ്ധീകരണങ്ങളിലും ടി.വി ചാനലുകളിലും പരസ്യം നൽകി വരുന്നു.
- വിവിധ സാംസ്കാരിക പരിപാടികൾക്കും മേളകൾക്കും സാമ്പത്തിക സഹായവും സ്പോൺസർഷിപ്പും നൽകിവരുന്നു.

(ബി&സി) നടപടി സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly